കേരള കാർഷിക സർവ്വകലാശാല
അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി
ഫോൺ നം : 0480 – 2702116, Email.arschalakudy@kau.in

നം.എ.ആർ.എസ്/ബി/1390/2012

ചാലക്കുടി. 29.12.2025

## ക്വട്ടേഷൻ നോട്ടീസ്

ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷൻറെ കീഴിലുള്ള വെള്ളാനിക്കര വാട്ടർ മാനേജ്മെൻറ് റിസർച്ച് യൂണിറ്റ് ഫാമിലെ ഏകദേശം 68 കശുമാവിൽ നിന്നുള്ള കശുവണ്ടി വിളവെടുക്കുന്നതിനുള്ള അവകാശം ക്വട്ടേഷൻ/ലേല വ്യവസ്ഥപ്രകാരം നൽകാൻ തീരുമാനിച്ചിരിക്കുന്നു. താൽപ്പര്യമുള്ളവർ സീൽ ചെയ്ത ക്വട്ടേഷനും നിരതദ്രവ്യം ആയി 2000/- രൂപ അടക്കം 06.01.2026 ന് 11.15 A.M ന് മുൻപായി വെള്ളാനിക്കര വാട്ടർ മാനേജ്മെൻറ് റിസർച്ച് യൂണിറ്റ് (WMRU) ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം 11.45 മണിക്ക്, അപ്പോൾ സന്നിഹിതരായിരിക്കുന്ന ആളുകളുടെ സാന്നിദ്ധ്യത്തിൽ പരസ്യലേലം നടത്തുന്നതും, അതിനുശേഷം ക്വട്ടേഷൻ തുറക്കുന്നതുമായിരിക്കും. ക്വട്ടേഷൻ/ലേലത്തിൽ കൂടുതൽ തുക രേഖപ്പെടുത്തുന്ന വ്യക്തിക്ക് പ്രൊഫസർ&ഹെഡിന് തൃപ്തികരമെങ്കിൽ വിളവെടുക്കാനുള്ള അവകാശം ഉറപ്പിക്കുന്നതായിരിക്കും. ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ഐഡി കാർഡ് കൊണ്ടുവരേണ്ടതാണ്.

### നിബന്ധനകൾ

1. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തി, ക്വട്ടേഷൻ/ലേലത്തുകയും, അതിൻറെ 5% (2.5% CGST & 2.5% SGST) ചരക്കു സേവന നികുതിയും കൂടി മൊത്തം തുകയുടെ 1/2 ഭാഗം അപ്പോൾ തന്നെ ഓഫീസിൽ അടയ്ക്കണം. ബാക്കി ½ ഭാഗം വിളവെടുപ്പ് തുടങ്ങുന്നതിനു മുൻപായി WMRU ഓഫീസിൽ അടയ്ക്കേണ്ടതാണ്. മുഴുവൻ തുകയും ഓഫീസിൽ അടച്ചു കഴിഞ്ഞ ശേഷമേ വിളവെടുപ്പ് നടത്താൻ അനുവദിക്കുകയുള്ളൂ.
2. കശുവണ്ടി വിളവെടുപ്പ് കാലാവധി 30.06.2026 വരെ ആയിരിക്കും.
3. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തിയുടെ നിരതദ്രവ്യം 2000 രൂപ കശുവണ്ടി വിളവെടുപ്പ് മുഴുവൻ കഴിഞ്ഞ ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
4. ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ, പ്രവർത്തി സമയത്ത് മാത്രമേ കശുവണ്ടി വിളവെടുക്കാനും പുറത്തു കൊണ്ടുപോകാനും അനുവാദമുള്ളൂ. ആവശ്യമെങ്കിൽ ഓഫീസിൽ നിന്നും നിർദ്ദേശിക്കുന്ന പക്ഷം ഓരോ കശുമാവിൽ നിന്നും പറിക്കുന്ന കശുവണ്ടിയുടെ തൂക്കം രേഖപ്പെടുത്താൻ അനുവദിക്കേണ്ടതാണ്.
5. ഓരോ ദിവസവും പറിക്കുന്ന കശുവണ്ടി അപ്പോൾത്തന്നെ കൊണ്ടുപോകേണ്ടതാണ്. ഫാമിൽ സൂക്ഷിച്ചു വെയ്ക്കാൻ അനുവദിക്കുന്നതല്ല.
6. ഫാമിന് ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടായാൽ ആയതിൻറെ വ്യാപ്തി അനുസരിച്ച് അധികാരികൾ ചുമത്തുന്ന പിഴ അടയ്ക്കുവാൻ ക്വട്ടേഷൻ എടുക്കുന്ന വ്യക്തി ബാദ്ധ്യസ്ഥൻ ആയിരിക്കും. യാതൊരു കാരണവും കൂടാതെ തന്നെ ഈ ക്വട്ടേഷൻ ക്യാൻസിൽ ചെയ്യുവാനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
7. ക്വട്ടേഷൻ/ലേലം സംബന്ധമായ അന്തിമ തീരുമാനമെടുക്കാനും ക്വട്ടേഷൻ/ലേലം റദ്ദ് ചെയ്യാനും മാറ്റിവെയ്ക്കാനും ഉള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും. മറ്റ് എല്ലാ സർക്കാർ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.

പ്രൊഫസർ & ഹെഡിനുവേണ്ടി
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

കോപ്പികൾ : നോട്ടീസ് ബോർഡ് WMRU, KAU HQ, PRC, CoA, KAU Canteen, Estate Office, Mannuthy Sales Centre, Panchayath Office